File No.DCKNR/6606/2018-C2

ഡിസികെ എൻ ആർ/6606/2018/സി2

കണ്ണൂർ ജില്ലാ കളക്ടറുടെ 23/12/2018 തീയ്യതിയിലെ നടപടിക്രമം

(സാന്നിദ്ധ്യം-<u>മീർ മുഹമ്മദ് അലി, ഐ.എ.എസ്സ്)</u>

വിഷയം : എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം തലശ്ശേരി വളവുപാറ റോഡ് വികസനം-തിരുവങ്ങാട് ,എരഞ്ഞോളി വില്ലേജ്-റോഡ് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലമെടുപ്പ്-സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന :- 1. എക്സിക്യൂട്ടീവ് എഞ്ചിനിയർ,പിഡബ്ല്യു.ഡി ,കെ .എസ്.ടിപി ഡിവിഷൻ കണ്ണൂരിന്റെ 06/06/2016 തിയ്യതിയിലെ എൽ .ഒ.240/12 നമ്പർ അർത്ഥന

2.റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No.376/2016/RD നമ്പർ ഉത്തരവ്

3.റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No.377/2016/RD നമ്പർ ഉത്തരവ്.

4.ചെയർമാൻ സാമൂഹ്യാഘാത പഠന ഏജൻസിയായ വിജിൽ ,മട്ടന്നൂർ സമർപ്പിച്ച റിപ്പോർട്ട്

5. ചെയർമാൻ വിദഗ്ധ ഗ്രൂപ്പിന്റെ 25.10.2018 തീയ്യതിയിലെ റിപ്പോർട്ട്.

കെ .എസ്.ടിപി റോഡ് വികസനത്തിന് വേണ്ടി തിരുവങ്ങാട്, എരഞ്ഞോളി വില്ലേജുകളിൽ പ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിനായി പിഡബ്ല്യു.ഡി, കെ .എസ്.ടിപി ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ സൂചന (1) പ്രകാരം അർത്ഥന സമർപ്പിച്ചിരുന്നു.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാ കലക്ടറെ സമുചിത സർക്കാറായി പ്രഖ്യാപിച്ചുകൊണ്ട് സൂചന (2)പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചട്ടപ്രകാരം വിജിൽ, മട്ടന്നൂർ എന്ന ഏജൻസിയെ നിയമിക്കുകയും , ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസി സൂചന (4)പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി സൂചന(3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ധ സമിതി സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന (5)പ്രകാരം റിപ്പോർട്ട് സമർപ്പിച്ചതിൽ തലശ്ശേരി താലൂക്കിലെ തിരുവങ്ങാട്, എരഞ്ഞോളി വില്ലേജുകളിലുള്ള യഥാക്രമം 0.3765, 0.3173 ഹെക്ടർ വിസ്തീർണ്ണത്തിൽപ്പെട്ട ആകെ 0.6938 ഹെക്ടർ സ്ഥലമാണ് ഈ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നും തലശ്ശേരി-വളവുപാറ റോഡിലെ ഒരു പ്രധാനപ്പെട്ട പാലമായ എരഞ്ഞോളി പാലത്തിന്റെ നിർമ്മാണത്തിനും കൊല്ലം-കോട്ടപ്പുറം ജലപാതയുടെ പൂർത്തീകരണത്തിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള ഒരു പ്രധാന റോഡിന്റെ വികസനത്തിനുവേണ്ടിയുള്ളതുമായതിനാൽ ഇത് പൊതു ആവശ്യത്തിനു വേണ്ടിയാണെന്നും ,എരഞ്ഞോളി പാലത്തിനു വേണ്ടി ആദ്യം ഭൂമി ഏറ്റെടുത്തിരുന്നെങ്കിലും കൊല്ലം-കോട്ടപ്പുറം ജലപാത വരുന്നതുകൊണ്ട് മേൽ പറഞ്ഞ പാലത്തിന്റെ ഉയരം കൂട്ടുന്നതിനാൽ കൂടുതൽ ഭൂമി ഈ

ഭാഗങ്ങളിൽ ഏറ്റെടുക്കേണ്ടതായി വന്നിരിക്കുന്നതായും നിർദ്ദിഷ്ട ആവശ്യത്തിനുവേണ്ടി ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമിയാണ് ഇപ്പോൾ ഏറ്റെടുക്കുന്നതെന്നും ഈ ആവശ്യത്തിനു വേണ്ടി നേരത്തെ ഏറ്റെടുത്ത മറ്റ് ഭൂമി ലഭ്യമല്ലെന്നും ,പൊതു സമൂഹത്തിന്റെ ഉപയോഗത്തിനുള്ള കളിസ്ഥലങ്ങൾ, അംഗൻവാടി, ആരാധനാലയങ്ങൾ, മേച്ചിൽ സ്ഥലങ്ങൾ എന്നിവ ഏറ്റെടുക്കുന്ന സ്ഥലത്തിൽ ഉൾപ്പെടുന്നില്ലെന്നും ആയതിനാൽ പൊതു ഇടങ്ങൾക്ക് ഈ പദ്ധതി മൂലം ആഘാതങ്ങളൊന്നുമില്ലെന്നും വിദഗ്ധ സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ പദ്ധതി ആവശ്യത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന അഷറഫ്. എ.സി എന്നയാൾക്ക് പുനരധിവാസ പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കേണ്ടതുണ്ടെന്നും തിരുവങ്ങാട് വില്ലേജിൽപ്പെട്ടതും ഒ.കെ. സതി എന്നവരുടെ പേരിലുള്ളതുമായ കെട്ടിടത്തിന്റെ വളരെ ചെറിയ ഭാഗം റോഡിനുവേണ്ടി ഏറ്റെടുക്കുന്നുണ്ടെന്നും ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ചെറിയൊരു ഭാഗം ഒഴിവാക്കിയാൽ കെട്ടിടത്തെ പൂർണ്ണമായും സംരക്ഷിക്കാവുന്നതാണെന്നും ,അതുപോലെ എരഞ്ഞോളി വില്ലേജിൽപ്പെട്ട ഒരു മീറ്ററോളം സ്ഥലം ഏറ്റെടുക്കുന്നതിൽ നിന്നും ഒഴിവാക്കിയാൽ സതേൺ മോട്ടോർസ് എന്ന സ്ഥാപനത്തിന്റെ കെട്ടിടത്തെ ഏറ്റെടുക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും ഈ രണ്ടു കാര്യങ്ങളും സാങ്കേതികമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും കൂടാതെ ഈ പദ്ധതിമൂലം 15 സ്ഥാപനങ്ങളിലുള്ള ഏകദേശം 29 ഓളം തൊഴിലാളികളുടെ തൊഴിലിനുള്ള ആഘാതം നിലവിലുള്ള നിയമപ്രകാരം പരിഗണിക്കേണ്ടതാണെന്നും വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

സാമൂഹ്യാഘാതപഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആഘാതങ്ങളും ഈ പദ്ധതി മൂലമുണ്ടാകുന്ന നേട്ടങ്ങളും (തലശ്ശേരി വളവുപാറ റോഡ് വികസനം, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള റോഡ് വികസനം, കൊല്ലം - കോട്ടപ്പുറം ജലപാത യാഥാർത്ഥ്യമാകുമ്പോഴുണ്ടാകുന്ന വികസനം) എന്നിവ വിലയിരുത്തുമ്പോൾ ഈ പദ്ധതി മൂലമുണ്ടാകുന്ന നേട്ടങ്ങൾ നിസ്സാരമായ ആഘാതങ്ങളെക്കാൾ വളരെ മൂല്യമുള്ളതാണെന്നും ആയതിനാൽ നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ അതിവേഗം പൂർത്തിയാക്കേണ്ടതാണെന്നും വിദഗ്ധ സമിതി വിലയിരുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിദഗ്ധസമിതി ചൂണ്ടി കാണിച്ച കാര്യങ്ങളിൽ പരിശോധന നടത്തി ഉചിതമായ പരിഹാര നടപടി അർത്ഥനാധികാരി സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി തലശ്ശേരി വളവുപാറ റോഡ് വികസനത്തിന് വേണ്ടി അർത്ഥന പ്രാകാരമുളളതും തിരുവങ്ങാട് ,എരഞ്ഞോളി വില്ലേജിൽപ്പെട്ട 0.3765, 0.3173 ഹെക്ടർ ഭൂമി എൽ.എ.ആർ.ആർ ആക്ട് 2013 ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

DISTRICT COLLECTOR

പകർപ്പ്:

1) റവന്യൂ ഡിവിഷണൽ ഓഫീസർ,തലശ്ശേരി.

2) തഹസിൽദാർ,തലശ്ശേരി

3) സ്പെഷ്യൽ തഹസിൽദാർ,എൽ.എ,കെ എസ്.ടിപി,തലശ്ശേരി.

4) സെക്രട്ടറി, തലശ്ശേരി,മുൻസിപ്പാലിറ്റി

5) വില്ലേജ് ഓഫീസർ,തിരുവങ്ങാട്